(Pages : 4) **R – 6749**

Reg. No. : ..............................

Name : ..................................

## Second Semester B.A./B.Sc./B.Com. Degree Examination, April 2023

## First Degree Programme under CBCSS

## Double Main Programme

## Language Course – Additional Language – Malayalam

## ML 1211.4 : ദൃശ്യകലാസാഹിത്യം

## (2020 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. കഥകളി എന്ന കലാരൂപത്തിന്റെ സാഹിത്യരൂപം ഏതു പേരിലാണ് അറിയപ്പെടുന്നത് ?

2. കല്യാണസൗഗന്ധികം ഏതു വിഭാഗത്തിൽപ്പെട്ട തുള്ളലാണ് ?

3. ലേബർ റൂം എന്ന നാടകം രചിച്ചതാര് ?

4. എൻ. കൃഷ്ണപിള്ള എഴുതിയ സാഹിത്യചരിത്രഗ്രന്ഥമേത് ?

5. ഒരിടത്തൊരു ഫയൽവാൻ എന്ന സിനിമയുടെ സംവിധായകൻ ആരാണ് ?

6. നളചരിതം ആട്ടക്കഥ എത്ര ദിവസത്തെ കഥയായാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത് ?

7. മഹാഭാരതത്തിലെ ഏതു പർവ്വത്തിലാണ് കല്യാണസൗഗന്ധികം കഥ പരാമർശിക്കുന്നത് ?

P.T.O.

St. Xaviers College Library

8. ''മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ ? വിധു-
മണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ'' - ആരെയാണ് ഇങ്ങനെ അവതരിപ്പിക്കുന്നത് ?

9. സിനിമയുടെ ബ്ലൂപ്രിന്റ് എന്നു വിശേഷിപ്പിക്കുന്നത് എന്തിനെ ?

10. ഒരിടത്തൊരു ഫയൽവാൻ എന്ന സിനിമയിൽ ശിവൻപിള്ള എന്ന കഥാപാത്രത്തെ അവതരിപ്പിച്ച നടൻ ആരാണ് ?

**(10 × 1 = 10 Marks)**

II. ഏതെങ്കിലും **എട്ടു** ചോദ്യത്തിന് **ഓരോ** ഖണ്ഡികയിൽ ഉത്തരം എഴുതുക.

11. പിതാവിന്റെ സമീപത്തേക്കു പോയാൽ കൂടുതൽ സന്തോഷം തോന്നുമെന്നു ദമയന്തി പറയുന്നതെന്തുകൊണ്ട്?

12. ''പണ്ടു ഞാനീവണ്ണമുള്ളൊരു വസ്തുവെ-
ക്കണ്ടറിയുന്നീല കാന്ത! ധരിക്കെടോ'' - ആരുടെ വാക്കുകൾ? വിശദീകരിക്കുക.

13. ''നീതന്നെ ഇവിടൊരു വൃത്തികേടാ. ഇനി നിന്റെ വക വൃത്തികേടാക്കലും'' - ഈ വരികളിൽ തെളിയുന്ന വക്താവിന്റെ മനോഭാവം കണ്ടെത്തുക.

14. ഫയൽവാൻ എന്ന കഥാപാത്രത്തെ തിരക്കഥയിൽ ആദ്യമായി അവതരിപ്പിക്കുന്നത് എങ്ങനെ?

15. കഥകളിയിലെ വേഷങ്ങളെക്കുറിച്ച് വിവരിക്കുക.

16. ജോബും ശിവൻപിള്ളയും ബെറ്റ് വയ്ക്കാനിടയായ സാഹചര്യം വിശദമാക്കുക.

17. ''ബന്ധനം ചെയ്യേണ്ട നീ മാം'' എന്നു ഹംസം ദമയന്തിയോട് പറയുന്നതിന്റെ പൊരുളെന്ത്?

18. ''നളനഗരേ വാഴുന്നു ഞാൻ നളിനജന്മവചസാ
നളിനമിഴിമാർക്കെല്ലാം നട പഠിപ്പാൻ'' - വക്താവാര്? സാരസ്യം വിശദമാക്കുക.

19. സുമതിയെ വിവാഹം കഴിച്ചതോടെ കേശവക്കുറുപ്പിന്റെ ജീവിതത്തിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?

St. Xaviers College Library

20. ''വേണ്ടുംബലം നിനക്കുണ്ടെന്നു നിർണ്ണയം'' - സന്ദർഭവും ആശയവും വിശദീകരിക്കുക.

21. ഗുസ്തിയിൽ തോറ്റ ഫയൽവാന്റെ പിന്നീടുള്ള ജീവിതം എപ്രകാരമാണ്?

22. പത്മരാജൻ - ലഘുവിവരണം തയ്യാറാക്കുക.

23. ''ആദ്യം മുതലേ നോക്കീതാ ഈ ശല്യം ഒന്നൊഴിവായിക്കിട്ടാൻ, ഇതിന്റെ ഉള്ളിൽ വന്നുപെടാതിരിക്കാനും'' - സൂചന വ്യക്തമാക്കുക.

24. ''സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചീടും'' - ഭീമൻ എപ്പോഴാണ് പാഞ്ചാലിയോട് ഇപ്രകാരം പറയുന്നത്?

25. ''നീ എന്നെ പ്രലോഭിപ്പിക്കുകയായിരുന്നു. അതിൽ ഞാനൊരാകാശക്കോട്ട കെട്ടി'' - ആരുടെ വാക്കുകൾ? സന്ദർഭം വ്യക്തമാക്കുക.

26. ഇംഗ്ലണ്ടിൽ നിന്നു മടങ്ങിവന്ന ഹരീന്ദ്രൻ രാധയോട് പറഞ്ഞതെന്തെല്ലാം?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരം എഴുതുക.

27. ''ഗുണവുമനവധി ദോഷമായിതു'' - ആരുടെ വാക്കുകൾ? വിശദമാക്കുക.

28. ഭഗ്നഭവനം എന്ന നാടകത്തിലെ രാധ എന്ന കഥാപാത്രത്തിന്റെ സ്വഭാവനിരൂപണം നടത്തുക.

29. ''ജനിക്കാനിരിക്കുന്നവരും മരിച്ചുപോയവരും
ജീവിച്ചിരിക്കുന്നവരെക്കാൾ പ്രായം കൂടിയവരാണ്'' - വ്യക്തമാക്കുക.

30. ''വാമാക്ഷിവാക്യം പ്രമാണിക്ക കാരണം
രാമാദികൾക്കുമബദ്ധം പിണഞ്ഞുപോൽ'' - സൂചിതകഥ എഴുതുക.

31. ''അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം
അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ?''
- സന്ദർഭവും സാരസ്യവും വിശദമാക്കുക.

32. ഒരിടത്തൊരു ഫയൽവാനിൽ നിങ്ങൾക്കിഷ്ടപ്പെട്ട കഥാപാത്രത്തെക്കുറിച്ച് വിവരിക്കുക.

33. കല്യാണസൗഗന്ധികം തേടിയുള്ള യാത്രയിൽ ഭീമൻ കണ്ട കാഴ്ചകൾ ചുരുക്കിയെഴുതുക.



St. Xaviers College Library

34. ലേബർ റൂം എന്ന നാടകം മറ്റു നാടകങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നതെങ്ങനെ?

35. "രത്നമെല്ലാം നിനക്കുള്ളൂ
യജ്ഞമേ ദേവകൾക്കുള്ളൂ" - ആശയവും വിവക്ഷിതവും വ്യക്തമാക്കുക.

36. ആരാമസഞ്ചാരം അതീവദുഃഖകരമായി ദമയന്തിക്ക് അനുഭവപ്പെടാൻ കാരണമെന്ത്?

37. "ഒത്തുപിടിക്കാൻ എന്നെ കിട്ടുകേല്ലാ. ഗുസ്തി ദൈവികത്വമുള്ള സംഗതിയാ" - സന്ദർഭവും ആശയവും എഴുതുക.

38. ജനാർദ്ദനൻ നായരുടെ അവസാനത്തെ ആഗ്രഹം എന്തായിരുന്നു? ഹരീന്ദ്രൻ അത് നിഷേധിക്കാൻ കാരണമെന്ത്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

39. ഉത്തമദൂതനെന്ന നിലയിൽ ഹംസത്തിന്റെ സ്വഭാവം വിലയിരുത്തുക.

40. ഒരു ദുരന്തനാടകത്തിന്റെ ശക്തിയാണ് 'ഭഗ്നഭവന'ത്തിൽ ഉടനീളം തുടിച്ചു നില്ക്കുന്നത് - പരിശോധിക്കുക.

41. കുഞ്ചൻ നമ്പ്യാരുടെ വർണ്ണനാപാടവം കല്യാണസൗഗന്ധികം തുള്ളലിനെ ആസ്പദമാക്കി വിശദീകരിക്കുക.

42. വിഷയത്തിന്റെ പുതുമയും പ്രത്യേകതയുമാണ് ലേബർ റൂം എന്ന നാടകത്തെ ശ്രദ്ധേയമാക്കുന്നതെന്ന് പറയാൻ സാധിക്കുമോ? - വിശകലനം ചെയ്യുക.

43. ഒരിടത്തൊരു ഫയൽവാനിലെ ദൃശ്യപരമ്പരകളുടെ സവിശേഷതകൾ അപഗ്രഥിക്കുക.

44. 'സംഗീതസാഹിത്യങ്ങൾ ഒരുപോലെ സമ്മേളിക്കുന്ന ആട്ടക്കഥയാണ് നളചരിതം' - ഈ പ്രസ്താവനയുടെ സാധുത പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

**(2 × 15 = 30 Marks)**



St. Xaviers College Library